# അഖിലേന്ത്യാ വിദ്യാഭ്യാസ റാങ്കിങ്ങിൽ നടക്കാവ് രണ്ടാമത്

**കോഴിക്കോട്**

പ്രിസം പദ്ധതിയിൽ തിളങ്ങുന്ന നടക്കാവ് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് വീണ്ടുമൊരു പൊൻതൂവൽ. എഡ്യൂക്കേഷണൽ വേൾഡ് മാസികയുടെ ഈ വർഷത്തെ അഖിലേന്ത്യാ വിദ്യാഭ്യാസ റാങ്കിൽ 1061 പോയിന്റോടെ സ്കൂൾ രണ്ടാംസ്ഥാനം നേടി. സർക്കാർ ഡേ സ്കൂൾ വിഭാഗത്തിലാണ് നേട്ടം. കഴിഞ്ഞ വർഷം മൂന്നാമതായിരുന്നു.



നടക്കാവ് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

ഡൽഹിയിലെ രാജകീയ പ്രതിഭാ വികാസ് വിദ്യാലയത്തിനാണ് ഒന്നാംസ്ഥാനം. 1078 പോയിന്റ്. ചെന്നൈ ഐഐടി മദ്രാസിലെ കേന്ദ്രീയ വിദ്യാലയം നടക്കാവിനൊപ്പം രണ്ടാംസ്ഥാനം പങ്കിട്ടു. തിരുവനന്തപുരം പട്ടം കേന്ദ്രീയ വിദ്യാലയത്തിന് നാലും തൃശൂർ പുറനാട്ടുകര കേന്ദ്രീയ വിദ്യാലയത്തിന് ഒമ്പതും റാങ്കുണ്ട്.

പാഠ്യ– പാഠ്യേതര പ്രവർത്തനങ്ങൾ, അധ്യാപകരുടെ കാര്യക്ഷമത, അധ്യാപക– വിദ്യാർഥി പരിശീലനം തുടങ്ങിവ പരിഗണിച്ചാണ് പുരസ്കാരം. അധ്യാപകരുടെ കാര്യക്ഷമതയിൽ 160 പോയിന്റാണ് നടക്കാവ് സ്കൂൾ സ്വന്തമാക്കിയത്. അക്കാദമിക യശസ്സിനും കായിക വിദ്യാഭ്യാസത്തിനും 80 ഉം മാനേജ്മെന്റിന്റെ ഗുണനിലവാരത്തിന് 70 ഉം പോയിന്റുണ്ട്.

എ പ്രദീപ്കുമാർ എംഎൽഎ ആവിഷ്കരിച്ച ബഹുമുഖ ഇടപെടലിലൂടെ പ്രാദേശിക വിദ്യാലയ വികസനം സാധ്യമാക്കുന്ന പ്രിസം (പ്രമോട്ടിങ് റീജ്യണൽ സ്കൂൾ ടു ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് ത്രൂ മൾട്ടിപ്പിൾ ഇന്റർവെൻഷൻ) പദ്ധതിയിലൂടെയാണ് മികവിന്റെ കേന്ദ്രമായി ഉയർന്നത്. ഫൈസൽ കൊട്ടിക്കോളന്റെ ഉടമസ്ഥതയിലുള്ള ഫൈസൽ ആൻഡ് ഷബാന ഫൗണ്ടേഷന്റെ സഹായവുമുണ്ടായി. വിഎച്ച്എസ്ഇ പ്രിൻസിപ്പലും പ്രിസം പദ്ധതിയുടെ കോഓർഡിനേറ്ററുമായ കെ ജലൂഷ്, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ കെ ബാബു, പ്രധാനാധ്യാപകൻ എം ജയകൃഷ്ണൻ എന്നിവർ സ്കൂളിന്റെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.